# ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

(ഹാജർ : അജിത് ദാസ്.എ)

ഗ്രാമവികസന വകുപ്പ്-ജീവനക്കാര്യം- ശ്രീ.നവാസ്.എം, സീനിയർ ക്ലാർക്ക്, ഗ്രാമവികസന കമ്മീഷണറേറ്റ് – സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റ പ്രാബല്യ തിയതി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

---

**ഉത്തരവ് നം. 2728/എസ്റ്റാ. സി.3/2016/സിആർഡി (III) തീയതി : 03.05.2019**

---

പരാമർശം :- 1) ശ്രീ.നവാസ്.എം, സീനിയർ ക്ലാർക്കിന്റെ 19.07.2018-ലെ അപേക്ഷ.
2) ഈ ഓഫീസിലെ 23.06.2018-ലെ 13140/എസി&എഡി2/2018/ സിആർഡി നമ്പർ ഉത്തരവ്.
3) ഈ ഓഫീസിലെ 08.10.2013-ലെ 24520/എസ്റ്റാ. സി3/2006/ സിആർഡി നമ്പർ ഉത്തരവ്.
4) ഈ ഓഫീസിലെ 23.09.2016-ലെ 24520/എസ്റ്റാ. സി3/2006/ സിആർഡി നമ്പർ ഉത്തരവ്.

## ഉത്തരവ്

ഗ്രാമവികസന വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ 06.07.2005-ൽ ജോലിയിൽ പ്രവേശിച്ച ശ്രീ.നവാസ്.എം-ന് ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ സീനിയോറിറ്റി നമ്പർ 282 ആയി നിർണ്ണയിച്ച് നൽകിയിരുന്നു. 28.09.2012-ൽ MOP-യും 22.02.2013-ൽ അക്കൗണ്ട് ടെസ്റ്റ് യോഗ്യതയും നേടിയ ടിയാന്റെ ക്ലറിക്കൽ തസ്തികയിലെ നിരീക്ഷണകാലം 28.09.2012 പൂർവ്വാഹ്നം പ്രാബല്യത്തിൽ പൂർത്തീകരിച്ച് ഉത്തരവായത് 23.06.2018-ലെ പരാമർശം (2) ഉത്തരവ് പ്രകാരം ആയതിനാൽ, സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് അർഹത നേടിയിട്ടും, പരാമർശം (3) സ്ഥാനക്കയറ്റ ഉത്തരവിൽ ടിയാനെ ഉൾപ്പെടുത്തിയിരുന്നില്ല. തുടർന്ന് 10.02.2016 തിയതി പ്രാബല്യത്തിൽ പരാമർശം (4) ഉത്തരവ് പ്രകാരം ടിയാനെ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചിരിക്കുന്നു. 28.09.2012 മുതൽ മുൻകാല പ്രാബല്യത്തിൽ നിരീക്ഷണകാലം പൂർത്തീകരിച്ച് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തിയതിക്കുശേഷം 08.10.2013 മുതൽ നിലവിൽ വന്ന സീനിയർ ക്ലാർക്കുമാരുടെ ഒഴിവിലേയ്ക്ക് ടിയാനെയും പരിഗണിച്ച് സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ അർഹമായ സ്ഥാനം നിർണ്ണയിച്ച് നൽകണമെന്ന് പരാമർശം (1) പ്രകാരം ടിയാൻ ആവശ്യപ്പെട്ടിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ ടിയാന്റെ അപേക്ഷ പരിഗണനാർഹമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്

(മറുപുറം)

ഈ സാഹചര്യത്തിൽ, ശ്രീ.നവാസ്.എം-ന് 10.02.2016 മുതൽ പ്രബല്യത്തിൽ പരാമർശം (4) ഉത്തരവ് പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് അനുവദിച്ച സ്ഥാനക്കയറ്റം റദ്ദ് ചെയ്തുകൊണ്ടും ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ടിയാന്റെ തൊട്ട സീനിയർ ആയിരുന്ന ശ്രീമതി.ധന്യ.എം.ആർ-നും (സീനിയോറിറ്റി നം.281) തൊട്ട ജൂനിയർ ആയിരുന്ന ശ്രീമതി.ഹേമ ബിന്ദു.വി.ആർ-നും (സീനിയോറിറ്റി നം.283) പരാമർശം (3) പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ച തിയതിയായ 08.10.2013 തിയതി മുതൽ മുൻകാല പ്രബല്യത്തോടെ ടിയാനും സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ചും ഇതിനാൽ ഉത്തരവാകുന്നു.

സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ടിയാന് അർഹമായ സ്ഥാനം നിർണ്ണയിച്ച് നൽകി പിന്നീട് ഉത്തരവാകുന്നതാണ്. ടിയാന് 08.10.2013 മുതൽ പ്രബല്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലെ ശമ്പള നിർണ്ണയത്തിനും 10.02.2016 മുതലുള്ള സാമ്പത്തികാനുകൂല്യത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്.

ടിയാന്റെ സ്ഥാനക്കയറ്റ തിയതി ഭേദഗതി ചെയ്തത് സംബന്ധിച്ച് ആവശ്യമായ വിവരങ്ങൾ ബന്ധപ്പെട്ട ഓഫീസ് മേധാവി ടിയാന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്

ശ്രീ.നവാസ്.എം, സീനിയർ ക്ലാർക്ക്
എസ്റ്റാ. സി. സെക്ഷൻ, ഗ്രാമവികസന കമ്മീഷണറേറ്റ്

പകർപ്പ് :-

1) എല്ലാ പ്രോജക്ട് ഡയറക്ടർമാർക്കും
2) എല്ലാ ഇ.റ്റി.സി പ്രിൻസിപ്പാൾമാർക്കും
3) എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും3)
4) ഗ്രാമവികസന കമ്മീഷണറുടെ സി.എ യ്ക്ക്
5) പി ആന്റ് എം സെക്ഷൻ, സിആർഡി (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
6) ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

3/5/19

ജൂനിയർ സൂപ്രണ്ട്

ജെജെ